**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3141 — 18.06.2019-ൽ മറുപടിയ്ക്ക്

**മത്സ്യത്തൊഴിലാളികൾക്ക് നൂതന പദ്ധതികൾ**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.വി. അബ്ദുറഹിമാൻ :** | | **ശ്രീമതി.ജെ.മേഴ്സിക്കുട്ടി അമ്മ** (മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
| (എ) | പ്രളയകാലത്ത് രക്ഷാപ്രവർത്തനത്തിന് മുൻകൈയെടുത്ത മത്സ്യത്തൊഴിലാളികളുടെ ഉന്നമനത്തിനായി എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | കടൽ സുരക്ഷയ്ക്കും കടലിൽ അപകടത്തിൽപ്പെടുന്നവരുടെ രക്ഷയ്ക്കും വേണ്ടി കടൽ സുരക്ഷാ സ്ക്വാഡുകൾ രൂപീകരിക്കുന്ന പദ്ധതിയിൽ പ്രളയത്തിൽ പങ്കെടുത്ത മത്സ്യത്തൊഴിലാളികൾക്ക് മുൻഗണന നൽകിയിട്ടുണ്ട്. കൂടാതെ ഫിഷറീസ് വകുപ്പ് മുഖേന നടപ്പിലാക്കുന്ന എല്ലാ പദ്ധതികളുടെയും ആനുകൂല്യം പ്രളയത്തിൽ പങ്കെടുത്ത രജിസ്റ്റേർഡ് മത്സ്യത്തൊഴിലാളികൾക്ക് ലഭ്യമാകുന്നുണ്ട്. |
| (ബി) | മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനും ഉന്നമനത്തിനുമായി നൂതനപദ്ധതികൾ ആവിഷ്കരിച്ച് പ്രാവർത്തികമാക്കുന്നതിനു സത്വരനടപടി സ്വീകരിക്കുമോ? | (ബി) | മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനും ഉന്നമനത്തിനുമായി ചുവടെ പറയുന്ന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്:<br>• കേന്ദ്ര സർക്കാരിന്റെ ബ്ലൂറെവല്യൂഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി അനുമതി ലഭിച്ച 200 എഫ്.ആർ.പി ബോട്ടുകൾ പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് നൽകുന്നതിനുള്ള പദ്ധതി നടപ്പിലാക്കി വരുന്നു.<br>• കടലിൽ മത്സ്യബന്ധനത്തിലേർപ്പെടുന്ന മത്സ്യത്തൊഴിലാളികളുടെ വിവരങ്ങൾ ശേഖരിക്കുന്നതിനും സന്ദേശങ്ങൾ അയയ്ക്കുന്നതിനും സാഗര മൊബൈൽ ആപ്പ്.<br>• കടൽ രക്ഷാ പ്രവർത്തനത്തിന്റെ ഏകോപനത്തിന് മാസ്റ്റർ കൺട്രോൾ റൂം സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നു.<br>• കടലിൽ മത്സ്യബന്ധനത്തിനു പോകുന്ന പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് കടൽ സുരക്ഷാ കിറ്റുകൾ വിതരണം ചെയ്യുന്ന പദ്ധതി. |

| | | | |
|---|---|---|---|
| | | | • പരമ്പരാഗത മത്സ്യത്തൊഴിലാളി ഗ്രൂപ്പുകൾ ആഴക്കടൽ മത്സ്യബന്ധന രീതികളായ ട്യൂണ ലോങ് ലൈനിംഗ്, ഗിൽ നെറ്റിംഗ്, സ്ക്വിഡ് ജിഗ്ഗിങ് എന്നിവയിൽ ആവശ്യമായ സാങ്കേതിക പരിശീലനവും സാമ്പത്തിക സഹായവും നൽകുന്നതിനുള്ള പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി 100 ആഴക്കടൽ മത്സ്യബന്ധന ബോട്ടുകൾ വാങ്ങുന്നതിന് കേന്ദ്ര സർക്കാരിന് പ്രോജക്റ്റ് സമർപ്പിച്ചിട്ടുണ്ട്.<br>• ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ മത്സ്യത്തൊഴിലാളികളുടെ സുരക്ഷ ഉറപ്പാക്കുന്നതിന് പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് 40000 ലൈഫ് ജാക്കറ്റുകൾ വിതരണം ചെയ്യുന്ന പദ്ധതി.<br>• കാലാവസ്ഥാ മുന്നറിയിപ്പുകൾ മത്സ്യത്തൊഴിലാളികൾക്ക് കൈമാറുന്നതിന് ഐ.എസ്.ആർ.ഒ സഹായത്തോടെ തയ്യാറാക്കിയിട്ടുള്ള നാവിക് ഉപകരണങ്ങൾ, 15000 എണ്ണം വിതരണം ചെയ്യുന്നതിനുള്ള പദ്ധതി<br>• ആഴക്കടലിൽ മത്സ്യബന്ധനം നടത്തുന്ന മത്സ്യബന്ധന യാനങ്ങൾക്ക് 1000 സാറ്റലൈറ്റ് ഫോണുകൾ വിതരണം ചെയ്യുന്ന പദ്ധതി<br>• ഓഖി പുനരധിവാസ പദ്ധതിയിലുൾപ്പെടുത്തി 120 എഫ്.ആർ.പി ബോട്ടുകൾ നൽകുന്ന പദ്ധതി<br>• ഓഖി പുനരധിവാസ പദ്ധതിയുടെ ഭാഗമായി വിഴിഞ്ഞത്ത് ഫിഷ് പ്രോസസ്സിംഗ് സെന്റർ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കുന്നതിനുള്ള പദ്ധതി<br>• മത്സ്യത്തൊഴിലാളികളുടെ യാനങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തുന്ന പദ്ധതി<br>• വേലിയേറ്റ രേഖയിൽ നിന്ന് 50 മീറ്ററിനുള്ളിൽ താമസിക്കുന്ന |

| | | | |
|---|---|---|---|
| | | | മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിനായി ഫ്ലാറ്റ് സമുച്ചയം നിർമ്മിച്ച് നൽകുന്ന പദ്ധതി.<br>• തിരുവനന്തപുരം ജില്ലയിൽ ബീമാപള്ളി, വലിയതുറ, കാരോട്, കൊല്ലം ജില്ലയിൽ ക്യൂ.എസ്.എസ് കോളനി, ആലപ്പുഴ ജില്ലയിൽ മണ്ണുംപുറം, മലപ്പുറം ജില്ലയിൽ പൊന്നാനി, കണ്ണൂർ ജില്ലയിൽ ഉപ്പാലവളപ്പിൽ എന്നിവിടങ്ങളിൽ 772 ഫ്ലാറ്റുകൾ നിർമ്മിക്കുന്നതിന് 78.2 കോടി രൂപയുടെ പദ്ധതി<br>• മത്സ്യത്തൊഴിലാളികളുടെ മക്കളായ വിദ്യാർത്ഥികൾക്ക് എസ്.സി/എസ്.റ്റി യുടെ അതേ നിരക്കിൽ വിദ്യാഭ്യാസാനുകൂല്യം, സൗജന്യ വിദ്യാഭ്യാസ കോച്ചിംഗ് പദ്ധതികൾ, കായിക പ്രോൽസാഹന പദ്ധതികൾ<br>• ഫിഷറീസ് ടെക്നിക്കൽ സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങൾ ആക്കുന്ന പദ്ധതി<br>• മാതാപിതാക്കൾ മരണമടഞ്ഞ മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസം ഉറപ്പാക്കാൻ പ്രതിവർഷം പരമാവധി ഒരു ലക്ഷം രൂപ വരെ പഠന ധനസഹായം<br>• സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി<br>• തീരദേശത്തെ ആരോഗ്യ കേന്ദ്രങ്ങളും ആശുപത്രികളും മെച്ചപ്പെടുത്തുന്നതിന് പദ്ധതി<br>• തീരദേശത്ത് സാക്ഷരത ഉറപ്പാക്കുന്നതിനായി അക്ഷരസാഗരം പദ്ധതി |

**സെക്ഷൻ ഓഫീസർ**